വിവരാവകാശ നിയമം 2005 പ്രകാരം സമർപ്പിക്കുന്ന അപേക്ഷ

പ്രേഷകൻ

Sreeja. M
Vismaya
Poovattoor west
Manadi po, Kottarakkara.
Pin. 691507

സ്വീകർത്താവ്

The public Information officer.
Directorate of Social Justice
5th Floor, Vikas Bhavan, Tvm.

സർ/മാഡം

വിഷയം : ആസ്ഥാന കാര്യാലയത്തിലെയും കൊല്ലം ജില്ലാ കാര്യാലയത്തിലെയും കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയുമായി ബന്ധപ്പെട്ട ചില ചോദ്യങ്ങൾ.

ചോദ്യങ്ങളുമായി ബന്ധപ്പെട്ട തസ്തികകൾ.

- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II.
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് I.
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സീനിയർ ഗ്രേഡ്).
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സെലക്ഷൻ ഗ്രേഡ്).

ചോദ്യം 1. ഈ ആസ്ഥാന കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക നിലവിലുണ്ടോ? ഉണ്ടെങ്കിൽ ടി തസ്തികകളുടെ ഗവൺമെന്റ് അംഗീകൃത തസ്തികകൾ (Total Sanctioned Post) ഓരോന്നും എത്ര വിതമെന്ന് വ്യക്തമാക്കുക.

ചോദ്യം 2. ഈ ആസ്ഥാന കാര്യാലയത്തിൽ ടി തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പേരും, തസ്തികയും, റിട്ടയർമെന്റ് തീയതിയും പട്ടിക തിരിച്ച് ലഭ്യമാക്കുക.

ചോദ്യം 3. ഈ ആസ്ഥാന കാര്യാലയത്തിൽ നിലവിൽ ടി തസ്തികകളിൽ ഏതെങ്കിലും തസ്തികയിൽ നിലവിൽ ഒഴിവ് ഉണ്ടോ?

(a) ഉണ്ടെങ്കിൽ ഈ ഒഴിവ് ഉണ്ടായ വിതം വ്യക്തമാക്കുക (ട്രാൻസ്ഫർ/പ്രോമോഷൻ/റിട്ടയർമെന്റ്/തസ്തികമാറ്റം)

(b) ഈ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതിയും, ഫയൽ നമ്പറും വ്യക്തമാക്കുക.

(c) ഈ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുക.

ചോദ്യം 4. ഈ അസ്ഥാന കാര്യാലയത്തിൽ നിന്നും 2023, 2024 കലണ്ടർ വർഷത്തിൽ ടി തസ്തികകളിൽ നിന്നും അരെങ്കിലും വിരമിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിരമിക്കുന്ന ആളിന്റെ പേര്, തസ്തിക, വിരമിക്കുന്ന തീയതി എന്നിവ വ്യക്തമാക്കുക.

(a) 2023 കലണ്ടർ വർഷത്തിൽ ടി തസ്തികകളിൽ നിന്നും ആരെങ്കിലും വിരമിക്കുന്നുണ്ടെങ്കിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 08.11.2022 തീയതിയിലെ നം.ഉപ.സി.3/100/2022/ഉഭപവ നമ്പർ സർക്കുലർ പ്രകാരം പ്രതീക്ഷിത ഒഴിവായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ചെയ്തെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതിയും, ഫയൽ നമ്പറും വ്യക്തമാക്കുക. പ്രതീക്ഷിത ഒഴിവായി റിപ്പോർട്ട് ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുക.

ചോദ്യം 5. ഈ അസ്ഥാന കാര്യാലയത്തിൽ ടി തസ്തികകളിൽ ആരെങ്കിലും താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ?

(a) ഉണ്ടെങ്കിൽ ആ ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണോ? പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുക.

(b) ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരുടെ നിയമനരീതിയും, എത്രക്കാലമായി ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുക.

<u>കൊല്ലം ജില്ലാ കാര്യാലയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചുവടെ ചേർക്കുന്നു.</u>

ചോദ്യം 6. ഈ ആസ്ഥാന കാര്യാലയത്തിന്റെ പരിധിയിൽ വരുന്ന കൊല്ലം ജില്ലയിലെ കാര്യാലയത്തിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തിക നിലവിലുണ്ടോ? ഉണ്ടെങ്കിൽ ടി തസ്തികകൾ നിലവിലുള്ള കാര്യാലയത്തിന്റെ മേൽ വിലാസം ലഭ്യമാക്കുക.

(a) കൊല്ലം ജില്ലാ കാര്യാലയത്തിൽ ടി തസ്തികളിലെ ഗവൺമെന്റ് അംഗീകൃത തസ്തികകൾ (Total Sanctioned Post) ഓരോന്നും എത്ര വീതമെന്ന് വ്യക്തമാക്കുക

(b) കൊല്ലം ജില്ലാ കാര്യാലയത്തിൽ ടി തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പേരും, തസ്തികയും, റിട്ടയർമെന്റ് തീയതിയും പട്ടിക തിരിച്ച് ലഭ്യമാക്കുക.

ചോദ്യം 7. കൊല്ലം ജില്ലയിൽ ടി തസ്തികകളിൽ ഏതെങ്കിലും തസ്തികയിൽ നിലവിൽ ഒഴിവ് ഉണ്ടോ?

(a) ഉണ്ടെങ്കിൽ ഈ ഒഴിവ് ഉണ്ടായ വിതം വ്യക്തമാക്കുക (ട്രാൻസ്ഫർ/പ്രോമോഷൻ/റിട്ടയർമെന്റ്/തസ്തികമാറ്റം)

(b) ഈ ഒഴിവ് പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതിയും, ഫയൽ നമ്പറും വ്യക്തമാക്കുക.

(c) ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് കൊല്ലം ജില്ലാ കാര്യാലയത്തിൽ നിന്നുമാണോ അതോ ആസ്ഥാന കാര്യാലയത്തിൽ നിന്നുമാണോ?

ചോദ്യം 8. കൊല്ലം ജില്ലാ കാര്യാലയത്തിൽ നിന്നും 2023, 2024 കലണ്ടർ വർഷത്തിൽ ടി തസ്തികകളിൽ നിന്നും അരെങ്കിലും വിരമിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിരമിക്കുന്ന ആളിന്റെ പേര്, തസ്തിക, വിരമിക്കുന്ന തീയതി എന്നിവ വ്യക്തമാക്കുക.

(a) 2023 കലണ്ടർ വർഷത്തിൽ ടി തസ്തികകളിൽ ആരെങ്കിലും കൊല്ലം ജില്ലാ കാര്യാലയത്തിൽ നിന്നും വിരമിക്കുന്നുണ്ടെങ്കിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പിന്റെ 08.11.2022 തീയതിയിലെ നം.ഉപ.സി.3/100/2022/ഉഭപവ നമ്പർ സർക്കുലർ പ്രകാരം പ്രതീക്ഷിത ഒഴിവായി പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ? ചെയ്തെങ്കിൽ റിപ്പോർട്ട് ചെയ്ത തീയതിയും, ഫയൽ നമ്പറും വ്യക്തമാക്കുക. പ്രതീക്ഷിത ഒഴിവായി റിപ്പോർട്ട് ചെയ്തില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുക.

ചോദ്യം 9. കൊല്ലം ജില്ലയിൽ ടി തസ്തികകളിൽ ആരെങ്കിലും താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടോ?

(a) ഉണ്ടെങ്കിൽ ആ ഒഴിവ് പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണോ? പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുക.

(b) ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരുടെ നിയമനരീതിയും, എത്രക്കാലമായി ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുക.

എന്ന്
വിശ്വസ്തതയോടെ

Sreeja. m.

സ്ഥലം : Puthoor
തീയതി : 24/01/23.